# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 75
28-01-2019-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

| **ചോദ്യം**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) 2018 ആഗസ്റ്റിലെ പ്രളയത്തിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന സംഭാവന തുകകൾ പ്രത്യേകം അക്കൗണ്ട് ചെയ്യുന്നുണ്ടോ എന്നും ഈ തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പൊതുജനങ്ങളിൽ/സ്ഥാപനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന സംഭാവനകൾ വരവ് ചെയ്യുന്നത് 15 ബാങ്കുകളിലും TP-80 ലുമാണ്. കൂടാതെ സർക്കാർ ജീവനക്കാരിൽ നിന്നും സാലറി ചലഞ്ച് മുഖേന ലഭ്യമാകുന്ന സംഭാവനകൾ ട്രഷറി സ്പെഷ്യൽ TSB 4798 അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്. |
| ബി) 2018 ആഗസ്റ്റ് 15 ന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെ ആകെ എത്ര തുക സംഭാവനയായി ലഭിച്ചിട്ടുണ്ട്; | 2018 ആഗസ്റ്റ് 15 ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലായി 22.01.2019 വരെ 3229.25 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| സി) ഒരു കോടി രൂപക്ക് മേൽ സംഭാവന ചെയ്തവർ എത്രയാണ്; പ്രളയവുമായി ബന്ധപ്പെട്ട സംഭാവനകൾ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു കോടി രൂപയ്ക്ക് മേൽ ചെക്ക്/ഡിഡി എന്നിവ മുഖേന 147 പേരാണ് സംഭാവന നൽകിയിട്ടുള്ളത്. ഈ തുക പ്രളയദുരിതാശ്വാസത്തിന് ചെലവഴിക്കുന്നതിനാണ് |

| | |
|---|---|
| തന്നെ ചെലവഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | അനുവദിക്കുന്നത് എന്ന് ഉറപ്പാക്കുന്നുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ സംഭാവനയിൽ നിന്നാണ് നിലവിൽ പ്രളയദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത്. വിവിധ അക്കൗണ്ടുകളിൽ പ്രളയവുമായി ബന്ധപ്പെട്ട് ലഭ്യമായ സംഭാവനകൾ റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന ട്രഷറി പബ്ലിക്ക് അക്കൗണ്ടായ TP 80 ലേക്ക് ആവശ്യാനുസരണം മാറ്റി അതിൽ നിന്നാണ് തുക അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**